(സി) സംസ്ഥാനത്തെ 237 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നേത്ര ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിക്കുന്നതനുസരിച്ച് ഇക്കാര്യം ആലോചിക്കാവുന്നതാണ്.

പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

7 (*7) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി.പ്രസിദ്ധീകരിച്ച റാങ്കു ലിസ്റ്റുകളിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടോ ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്യാതിരുന്നതു മൂലം റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്ന നിരവധി പേർക്ക് നിയമനം ലഭിക്കാതെ പോയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തിരുവനന്തപുരം ജില്ലയിലെ എൽ.പി., യു.പി. അസിസ്റ്റന്റ് ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാതിരുന്നതിനാൽ റാങ്ക് ലിസ്റ്റിലുണ്ടായിരുന്ന നിരവധി പേർക്ക് നിയമനം ലഭിക്കാതെ പോയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി വല്ലതും ലഭിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യാതിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്മീഷന് കോഴിക്കോട്ടും, എറണാകുളത്തും, കൊല്ലത്തും, ഓരോ മേഖലാ ആഫീസുകൾ അനുവദിച്ചു. പരീക്ഷാ സംബന്ധമായ ജോലികൾ ത്വരിതപ്പെടുത്തുന്നതിനായി ഒബ്ജക്ടീവ് മാതൃകയിൽ നടത്തുന്ന പരീക്ഷകളുടെ ഉത്തരകടലാസുകൾ മൂല്യ നിർണ്ണയം ചെയ്യുന്നതിനായി ഓപ്ടിക്കൽ മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

റീഡർ എന്ന കമ്പ്യൂട്ടർ സംവിധാനം സ്ഥാപിച്ചു. കമ്മീഷന് രണ്ടുഘട്ടങ്ങളിലായി 74 അധിക തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പുതുതായി നിയമിക്കപ്പെട്ട ജീവനക്കാരുടെ അധിക മാനവശേഷിയും മൂന്നു മേഖല ആഫീസുകളുടെയും യോജിച്ചുള്ള പ്രവർത്തനവും കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വർഷങ്ങളായി കുടിശ്ശികയായിട്ടുള്ള ജോലികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലേക്ക് ഒരു അരിയർ ക്ളിയറൻസ് സെൽ രൂപീകരിക്കുന്നതിന് ആവശ്യമായ 81 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ടി ഒഴിവുകളിൽ മറ്റു തരത്തിലുള്ള നിയമനങ്ങൾ നടത്തരുതെന്നും അവ റാങ്ക് ലിസ്റ്റിൽ നിന്നും മാത്രമേ നികത്താവുയെന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി കൈക്കൊള്ളുന്നതാണെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ-ജി) ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് സ്റ്റേഷനുകൾക്ക് ജനസമ്പർക്ക സമിതി

8 (*8) ശ്രീ. പാലോട് രവി :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകൾക്ക് ജനസമ്പർക്ക സമിതി രൂപീകരിക്കുന്നതിനെപ്പറ്റി കേന്ദ്ര നിർദ്ദേശം കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് ;

(ബി) ജനസമ്പർക്ക സമിതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത്തരം സമിതികൾ സംഘടിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ സമിതിയുടെ അധികാരം, കർത്തവ്യങ്ങൾ,ഘടന എന്നിവ വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly